# പതിനാലാം കേരള നിയമസഭ

## പരിസ്ഥിതി സംബന്ധിച്ച സമിതി
## (2019-2021)

**ഇരുപത്തിനാലാമത് റിപ്പോർട്ട്**

(2021 ജനുവരി 21 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ ഒൻപതാമത് റിപ്പോർട്ടിലെ (താമരശ്ശേരി ചുരം നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021


KK

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2019-2021)

## ഇരുപത്തിനാലാമത് റിപ്പോർട്ട്

(2021 ജനുവരി 21 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ ഒൻപതാമത് റിപ്പോർട്ടിലെ (താമരശ്ശേരി ചുരം നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]

KK

ഉള്ളടക്കം

*പേജ്*


സമിതിയുടെ ഘടന ...

ആമുഖം ...

അദ്ധ്യായം I : റിപ്പോർട്ട് ...

അദ്ധ്യായം II : സമിതിയുടെ ശിപാർശകളും
അതിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം ...

അദ്ധ്യായം III : നടപടി വിവരം ലഭ്യമാക്കാത്ത ശിപാർശകൾ
സംബന്ധിച്ച വിശദാംശം.

അദ്ധ്യായം IV : സമിതിയുടെ തുടർ ശിപാർശകൾ ...

അനുബന്ധം : കോഴിക്കോട് ജില്ലാകളക്ടർ പുറപ്പെടുവിച്ച
ഉത്തരവ്

പരിസ്ഥിതി സംബന്ധിച്ച സമിതി
(2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. മുല്ലക്കര രത്നാകരൻ

<u>അംഗങ്ങൾ:</u>

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹിം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ് *

ശ്രീ. എം. വിൻസെന്റ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേഷ് കുമാർ ജി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി

* 18.01.2021-ന് അന്തരിച്ചു.

KK

# ആമുഖം

സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി പഠിക്കുകയും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് 1992 ജൂലൈ 27-ന് പരിസ്ഥിതി സംബന്ധിച്ച സമിതി രൂപീകരിക്കപ്പെട്ടത്. സമിതിയിൽ ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഒൻപതിൽ കൂടാത്ത അംഗങ്ങളാണ് ഉള്ളത്. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക, മാലിന്യപ്രശ്നങ്ങളുടെ കാര്യത്തിൽ വളരെ പ്രതീക്ഷയോടെയാണ് പൊതു സമൂഹം സമിതിയെ സമീപിക്കുന്നത്.

വിവിധ തരത്തിലുള്ള മലിനീകരണം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ സമിതിയിൽ നിക്ഷിപ്തമായ ചുമതലകളുടെ പരിധിയിൽ വരുന്നപക്ഷം അവ സമിതി പരിഗണിക്കുകയും സർക്കാരിലേക്ക് നടപടി റിപ്പോർട്ടിനായി അയയ്ക്കുകയും ചെയ്യുന്നു. പത്രവാർത്തയിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും ശ്രദ്ധയിൽപ്പെടുന്നതും സമിതിയുടെ അധികാര പരിധിയിൽപ്പെടുന്നതുമായ വിഷയങ്ങളും സമിതി പഠനവിധേയമാക്കുന്നു. നിവേദനങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സമിതി പരിശോധിക്കുകയും പ്രസ്തുത റിപ്പോർട്ട് പരാതി പരിഹരിക്കാൻ ഉതകുന്നതാണെങ്കിൽ ആ വിവരം സമിതിയെ അറിയിക്കണമെന്ന നിർദ്ദേശത്തോടെ ഹർജിക്കാരന് സർക്കാർ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം അയച്ചുകൊടുക്കുകയും ചെയ്യുന്നു.

മലിനീകരണം സംബന്ധിച്ച പരാതി ലഭിച്ചാൽ അത്തരം വ്യവസായ സ്ഥാപനങ്ങളും ഫാക്ടറികളും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും സമിതി അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു. ഏതെങ്കിലും പ്രത്യേക പാരിസ്ഥിതിക പ്രശ്നം സംബന്ധിച്ച് ബഹു. സ്പീക്കറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ സമിതിക്ക് പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കാവുന്നതാണ്. റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിന് ശേഷം റിപ്പോർട്ടിന്റെ പകർപ്പുകൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയച്ച് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സമിതി തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കുന്നു. ആയവ സമിതിയോഗം പരിശോധിച്ച് ആക്ഷൻടേക്കൺ റിപ്പോർട്ടുകളായി സഭയിൽ സമർപ്പിക്കുന്നു.

1992-ലെ ആദ്യ സമിതി 1993 ഫെബ്രുവരി 2-ാം തീയതി റിപ്പോർട്ട് സഭയിൽ അവതരിപ്പിച്ചതോടെയാണ് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പണം ആരംഭിക്കുന്നത്. 1992 മുതൽ 2020 വരെയുള്ള കാലയളവിൽ 18 സമിതികൾ ആകെ 118 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. അവയിൽ പകുതിയോളം ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും 4 എണ്ണം ജനറൽ റിപ്പോർട്ടുകളും ബാക്കിയുള്ളവ സ്പെഷ്യൽ റിപ്പോർട്ടുകളുമാണ്. റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കുന്ന നടപടികൾക്ക് അനുസരിച്ചാണ് റിപ്പോർട്ടിന്റെയും റിപ്പോർട്ടിന് ആസ്പദമായി സമർപ്പിക്കപ്പെട്ട നിവേദനത്തിന്റെയും ഫലപ്രാപ്തി നിർണ്ണയിക്കപ്പെടുന്നത്.

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ ഒൻപതാമത് റിപ്പോർട്ട് (താമരശ്ശേരി ചുരം നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)2018 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2021 ജനുവരി മാസം 20-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2021 ജനുവരി 20

മുല്ലക്കര രത്നാകരൻ
അദ്ധ്യക്ഷൻ
പരിസ്ഥിതി സംബന്ധിച്ച സമിതി

# റിപ്പോർട്ട്

## അദ്ധ്യായം I

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2019-21) യുടെ ഒൻപതാമത് റിപ്പോർട്ട് (താമരശ്ശേരി ചുരം നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 2018 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. കേരളത്തിന്റെ പൈതൃക സ്വത്തും കോഴിക്കോടിനേയും വയനാടിനേയും ബന്ധിപ്പിക്കുന്ന മലമ്പാതയുമായ വയനാട് ചുരം നേരിടുന്ന പാരിസ്ഥിതിക/മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് സമിതിക്ക് ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ 20 ശിപാർശകൾ ആണ് ഉൾപ്പെടുത്തിയിരുന്നത്.

2. റിപ്പോർട്ടിലൂടെ സമിതി നൽകിയ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 12.06.208-ൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിനോദസഞ്ചാരം, തദ്ദേശ സ്വയംഭരണം, റവന്യൂ, പരിസ്ഥിതി, ആഭ്യന്തരം, ഊർജ്ജം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച പത്രികകൾ സമിതി വിശദമായി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ (ഡി.സി.), (ആർ.സി.), (എം.എഫ്.), പരിസ്ഥിതി, റവന്യൂ (എ), ഊർജ്ജം എന്നീ വകുപ്പുകൾ എല്ലാ ശിപാർശകൾക്കും നടപടി റിപ്പോർട്ടുകൾ നൽകിയിട്ടില്ല എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

3. റിപ്പോർട്ടിലെ ശിപാർശകൾ, അവയിന്മേൽ സർക്കാർ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി പത്രികകൾ എന്നിവ ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

4. സർക്കാർ നടപടിപത്രിക ലഭ്യമാക്കാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ മൂന്നാം അദ്ധ്യായമായും സമിതിയുടെ തുടർ ശിപാർശകൾ നാലാം അദ്ധ്യായമായും ചേർത്തിരിക്കുന്നു.

5. 7-ാം നമ്പർ ശിപാർശയിന്മേൽ റവന്യൂ (ജി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിനോടൊപ്പം താമരശ്ശേരി ചുരത്തിൽ കെട്ടിടനിർമ്മാണം നിയന്ത്രിക്കുന്നതിന് ഡിസാസ്റ്റർ മാനേജ് മെന്റ് ആക്ട് അനുസരിച്ച് കോഴിക്കോട് ജില്ലാകളക്ടർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം

### ശിപാർശ നമ്പർ 2

താമരശ്ശേരിചുരം സംരക്ഷണ സമിതിയംഗങ്ങൾ, ചുരത്തിലുടനീളം നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടുവരുന്നതും, ചുരവുമായി ബന്ധപ്പെട്ട ഇതര സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തുന്നതുമൂലം വലിയ ഒരളവുവരെ ചുരം ശുചീകരിക്കപ്പെടുന്നുണ്ടെന്നും ട്രാഫിക് കുരുക്ക്പോലുള്ള പ്രശ്നം പരിഹരിക്കപ്പെടുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് ചുരം സംരക്ഷണ സമിതിയംഗങ്ങൾക്ക് പഞ്ചായത്തിൽ നിന്നോ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിൽ നിന്നോ ഓണറേറിയം പോലുള്ള ധനസഹായം നൽകുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### സർക്കാർ സ്വീകരിച്ച നടപടി

#### വിനോദസഞ്ചാര വകുപ്പ്

(സർക്കാർ കത്ത് നമ്പർ ടൂർ-സി3/142/2018-ടൂർ, തീയതി 20.11.2019)

താമരശ്ശേരി ചുരത്തിലെ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജന സംരക്ഷണ പ്രവർത്തനങ്ങൾ കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതാണ്. എന്നാൽ ചുരത്തിലുടനീളമുള്ള ചുമതല ടൂറിസം വകുപ്പിന് ഏറ്റെടുക്കാനില്ല.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### ശിപാർശ നമ്പർ 3

താമരശ്ശേരി ചുരത്തിൽ വിനോദസഞ്ചാരികൾ ധാരാളമായി എത്തുന്ന വ്യൂപോയിന്റ്, ചങ്ങലമരം, പൂക്കോട്ട് തടാകം എന്നീ പ്രദേശങ്ങളിലെ മലിനീകരണം തടയുന്നതിനായി അവിടങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിച്ച് പ്രദേശങ്ങൾ ഫലപ്രദമായി നിരീക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വിനോദസഞ്ചാര വകുപ്പ്

(സർക്കാർ കത്ത് നമ്പർ ടൂർ-സി3/142/2018-ടൂർ, തീയതി 20.11.2019)

താമരശ്ശേരി ചുരത്തിൽ സന്ദർശകർ ധാരാളമായി എത്തുന്ന വ്യൂപോയിന്റ്, ചങ്ങലമരം, പൂക്കോട് തടാകം എന്നീ സ്ഥലങ്ങളിൽ സി.സി.ടി.വി സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണ്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 4**

വർഷംതോറും ശരാശരി അഞ്ചര ലക്ഷത്തോളം ടൂറിസ്റ്റുകൾ സന്ദർശിച്ചുവരുന്ന താമരശ്ശേരി ചുരത്തിൽ സന്ദർശകരുടെ ഭക്ഷണാവശിഷ്ടങ്ങളടക്കമുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്ഥിരമായി ക്ലീനിംഗ് ജോലിക്കാരെ നിയോഗിക്കണമെന്നും ക്ലീൻ ഡസ്റ്റിനേഷൻ ക്യാമ്പയിനിൽ ഉൾപ്പെടുത്തി ഒരു സമഗ്രപ്രോജക്ടിനു രൂപം നൽകണമെന്നും പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ടൂറിസം വകുപ്പിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വിനോദസഞ്ചാര വകുപ്പ്

(സർക്കാർ കത്ത് നമ്പർ ടൂർ-സി3/142/2018-ടൂർ, തീയതി 20.11.2019)

സന്ദർശിക്കുകരിൽ നിന്നുള്ള മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ഒരു സമഗ്ര പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മുൻകൈയെടുത്താൽ ടൂറിസം വകുപ്പിന് അവരുമായി സഹകരിക്കാവുന്നതാണ്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 6**

താമരശ്ശേരി ചുരം നേരിടുന്ന മാലിന്യ-പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് അതത് സമയത്ത് ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നതിനായി കോഴിക്കോട്, വയനാട് ജില്ലാകളക്ടർമാരും, എം.പി-മാർ എം.എൽ.എ.മാർ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരും ഉൾപ്പെടുന്ന ഒരു സ്ഥിരം അതോറിറ്റിയ്ക്കോ, സമിതിയ്ക്കോ സർക്കാർ രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>വിനോദസഞ്ചാര വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ ടൂർ-സി3/142/2018-ടൂർ, തീയതി 20.11.2019)

ശിപാർശ പ്രകാരം അതോറിറ്റിയോ സമിതിയോ രൂപീകരിക്കുകയാണെങ്കിൽ അതിന്റെ പ്രവർത്തനങ്ങളിൽ ടൂറിസം വകുപ്പിന്റെ സഹകരണം ഉറപ്പാക്കാവുന്നതാണ്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ശിപാർശ നമ്പർ 7</u>**

ചുരത്തിന്റെ പാരിസ്ഥിതിക ഘടനയ്ക്ക് കോട്ടംതട്ടുന്ന നിലയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി സമിതി നിരീക്ഷിക്കുന്നു. ബഹുനിലകെട്ടിടങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകാതിരിക്കുകയും പരിസ്ഥിതി സൗഹൃദകെട്ടിടങ്ങളുടെ നിർമ്മാണം മാത്രം ചുരത്തിൽ അനുവദിക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവ് ബന്ധപ്പെട്ട ജില്ലാ കളക്ടർ പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ തസ്വഭവ-ആർ.ബി3/36/2019, തീയതി 26.10.2019 )

താമരശ്ശേരി ചുരത്തിന്റെ പാരിസ്ഥിതിക ഘടനയ്ക്ക് കോട്ടം തട്ടുന്ന നിലയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ക്രമാതീതമായി വർദ്ധിച്ച വരുന്നതായി പരിസ്ഥിതി സംബന്ധിച്ച സമിതി നിരീക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകാതിരിക്കുകയും പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളുടെ നിർമ്മാണം മാത്രം ചുരത്തിൽ അനുവദിക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവ് ബന്ധപ്പെട്ട ജില്ലാകളക്ടർ

പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി.

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ വയനാട് ചുരത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ട് കോഴിക്കോട് ജില്ലാകളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. കൂടാതെ കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലും പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന പ്രകാരവും നിലവിൽ പഞ്ചായത്ത് ചുരം റോഡിൽ നിന്നും 500 മീറ്റർ ദൂരപരിധിയ്ക്കുള്ളിൽ നിർമ്മാണാനുമതി ഒന്നും തന്നെ നൽകുന്നില്ലെന്ന് പുതുപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>റവന്യൂ വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ REV-G3/143/2018-REV, തീയതി 11.07.2019 )

താമരശ്ശേരി ചുരത്തിലെ പാരിസ്ഥിതിക ഘടനയ്ക്ക് കോട്ടം തട്ടുന്ന നിലയിലുള്ള അനധികൃത നിർമ്മാണ പ്രവർത്തികൾക്കെതിരെ റീജിയണൽ ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി ചുരത്തിൽ കെട്ടിട നിർമ്മാണം നിയന്ത്രിക്കുന്നതിന് Disaster Management Act അനുസരിത്ത് കോഴിക്കോട് ജില്ലാ കളക്ടർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം നിയമസഭാ സമിതിയെ അറിയിക്കുന്നു. ജില്ലാ കളക്ടറുടെ നടപടി ഉത്തരവിന്റെ പകർപ്പും ഇതോടൊപ്പം സമർപ്പിക്കുന്നു.

(11.07.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ശിപാർശ നമ്പർ 8</u>**

ചുരത്തിൽ മാലിന്യനിക്ഷേപം നടത്തുന്നവർക്കെതിരെയും പരിസ്ഥിതിയെ നശിപ്പിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെയും നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ചുകൊണ്ട് ശക്തമായ ശിക്ഷാനടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## പരിസ്ഥിതി വകുപ്പ്

(സർക്കാർ കത്ത് നമ്പർ പരി.ബി2/153/2018-പരി, തീയതി 18.09.2019)

വയനാട് ചുരത്തിൽ മാലിന്യം നിക്ഷേപിക്കുന്നത് സംബന്ധിച്ചുള്ള വിഷയത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ റീജിയണൽ ആഫീസിൽ നിന്നും പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ ചുരത്തിൽ പരിസ്ഥിതിക്ക് ഇണങ്ങാത്ത തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിൽ തകരപ്പാടി എന്ന സ്ഥലത്ത് ശേഖരിച്ച ഖരമാലിന്യം എത്രയും പെട്ടെന്ന് നീക്കം ചെയ്യാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു. താമരശ്ശേരി ചുരം സംരക്ഷണ സമിതിയുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് വനം വകുപ്പിന്റെ അധികൃതരെ ഫോൺ മുഖാന്തരം ബന്ധപ്പെട്ടു. നിലവിൽ സമിതിയും വനം വകുപ്പും പഞ്ചായത്തും കോളേജ് വിദ്യാർത്ഥികളും സംയുക്തമായി ശുചീകരണ പ്രവൃത്തികൾ നടത്തുന്നുണ്ടെന്ന് അറിയിച്ചു. തുടർന്ന് പഞ്ചായത്ത് അധികൃതരെ ബന്ധപ്പെട്ടിരുന്നു. നിലവിൽ ശേഖരിക്കുന്ന ഖരമാലിന്യം സംസ്കരിക്കാനും വേർതിരിക്കാനും അനുവദിച്ച സ്ഥലം വയലായതിനാൽ സാങ്കേതിക തടസ്സം നേരിട്ടിട്ടുണ്ടെന്ന് അറിയിച്ചു. രാത്രി കാലങ്ങളിൽ മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ടു വന്ന് ചുരത്തിൽ നിക്ഷേപിക്കുന്നത് നിലവിൽ തടയാൻ സാധിച്ചിട്ടുണ്ട്. ചുരത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കാനും അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 10

താമരശ്ശേരി ചുരത്തിലെ ഒരു വശത്തുള്ള കൊക്കയിലേക്ക് വിനോദസഞ്ചാരികളും യാത്രക്കാരും നിക്ഷേപിച്ചുവരുന്ന പ്ലാസ്റ്റിക് കുപ്പികളടക്കമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരമെന്ന നിലയിൽ ചുരത്തിന്റെ കൊക്ക സ്ഥിതിചെയ്യുന്ന വശത്തിലുടനീളം അർദ്ധവൃത്താകൃതിയിലുള്ള ഇരുമ്പ് പൈപ്പുകൾ/കോൺക്രീറ്റ് തൂണുകൾ സ്ഥാപിച്ച് അവയിൽ നെറ്റ് ഘടിപ്പിക്കുകയും അതുവഴി മാലിന്യം താഴ്ന്ന പ്രദേശത്തേക്ക് നിക്ഷേപിക്കുന്നത് തടയുവാനും, അപ്രകാരം നിക്ഷേപിക്ക പ്പെടുന്ന മാലിന്യം എളുപ്പത്തിൽ ശേഖരിക്കുവാനുമുള്ള സംവിധാനമൊരുക്കണമെന്നും ചുരത്തിന് വെളിയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് ചുരത്തിലുണ്ടാകുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സാഹചര്യമൊരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### പരിസ്ഥിതി വകുപ്പ്

(സർക്കാർ കത്ത് നമ്പർ പരി.ബി2/153/2018-പരി, തീയതി 18.09.2019)

വയനാട് ചുരത്തിൽ മാലിന്യം നിക്ഷേപിക്കുന്നത് സംബന്ധിച്ചുള്ള വിഷയത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ റീജിയണൽ ആഫീസിൽ നിന്നും പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ ചുരത്തിൽ പരിസ്ഥിതിക്ക് ഇണങ്ങാത്ത തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിൽ തകരപ്പാടി എന്ന സ്ഥലത്ത് ശേഖരിച്ച ഖരമാലിന്യം എത്രയും പെട്ടെന്ന് നീക്കം ചെയ്യാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് അധികൃതർ അറിയിച്ചു. താമരശ്ശേരി ചുരം സംരക്ഷണ സമിതിയുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് വനം വകുപ്പിന്റെ അധികൃതരെ ഫോൺ മുഖാന്തരം ബന്ധപ്പെട്ടു. നിലവിൽ സമിതിയും വനം വകുപ്പും പഞ്ചായത്തും

കോളേജ് വിദ്യാർത്ഥികളും സംയുക്തമായി ശുചീകരണ പ്രവൃത്തികൾ നടത്തുന്നുണ്ടെന്ന് അറിയിച്ചു. തുടർന്ന് പഞ്ചായത്ത് അധികൃതരെ ബന്ധപ്പെട്ടിരുന്നു. നിലവിൽ ശേഖരിക്കുന്ന ഖരമാലിന്യം സംസ്കരിക്കാനും വേർതിരിക്കാനും അനുവദിച്ച സ്ഥലം വയലായതിനാൽ സാങ്കേതിക തടസ്സം നേരിട്ടിട്ടുണ്ടെന്ന് അറിയിച്ചു. രാത്രി കാലങ്ങളിൽ മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ടു വന്ന് ചുരത്തിൽ നിക്ഷേപിക്കുന്നത് നിലവിൽ തടയാൻ സാധിച്ചിട്ടുണ്ട്. ചുരത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കാനും അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 11**

ചുരത്തിലുടനീളം ഉന്തുവണ്ടികളിലും തട്ടുകടകളിലും മറ്റുമായി വിൽക്കപ്പെടുന്ന ആഹാരസാധനങ്ങൾ വാങ്ങാനെത്തുന്ന ടൂറിസ്റ്റുകളുടെ വാഹനപാർക്കിംഗ്മൂലം ഗതാഗത തടസ്സം ഉണ്ടാകുന്നതായി സമിതി നിരീക്ഷിച്ചു. ഇതൊഴിവാക്കുന്ന തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പാർക്കിംഗ് സൗകര്യങ്ങളുള്ള സ്ഥലങ്ങളിൽ കുടുംബശ്രീ പോലുള്ള ഏജൻസികൾക്ക് ഭക്ഷണവിതരണം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിലൂടെ ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും മാലിന്യം ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതി നുമുള്ള സാഹചര്യം ഉണ്ടാകുമെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്ക ണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ.ഐ.എ.1/46/2019/ത.സ്വ.ഭ.വ., തീയതി 21.05.2019)

താമരശ്ശേരി ചുരത്തിലെ പാർക്കിംഗ് സൗകര്യമുള്ള സ്ഥലങ്ങളിൽ ഭക്ഷണ വിതരണത്തിനുള്ള ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ കുടുംബശ്രീ യൂണിറ്റുകളെ കണ്ടെത്താൻ

കോഴിക്കോട്, വയനാട് കുടുംബശ്രീ ജില്ലാ മിഷനുകൾക്ക് നിർദ്ദേശം നൽകുകയും മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(01.08.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 12**

ചുരത്തിലെത്തിച്ചേരുന്ന ബൈറോഡുകൾ ഉൾപ്പെടെയുള്ള എല്ലാ റോഡുകളിലും ആവശ്യമായ പോലീസ് ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചുകൊണ്ട് ചുരത്തിനോട് ചേർന്ന ജനവാസമില്ലാത്ത മേഖലകളിൽ മാലിന്യം നിക്ഷേപിക്കുന്നതിനായി കൊണ്ടുവരുന്ന വാഹനങ്ങൾ പരിശോധിക്കുന്നതിനും അവർക്കെതിരെ കർശന നിയമനടപടി കൈക്കൊള്ളുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആഭ്യന്തര വകുപ്പ്

(സർക്കാർ കത്ത് നമ്പർ ആഭ്യന്തര-ജെ1/363/2018-ആഭ്യന്തരം,തീയതി 27.08.2019)

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ (2016-19) 9-ാമത് റിപ്പോർട്ടിലെ 12-ാമത് ശിപാർശയായ, താമരശ്ശേരി ചുരം നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് കണ്ണൂർ റെയ്ഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി മുഖാന്തിരം നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

താമരശ്ശേരി ചുരത്തിലേയും സമീപ പ്രദേശങ്ങളിലേയും ഗതാഗത നിയന്ത്രണത്തിനും മറ്റുമായി പുതുപ്പാടി പഞ്ചായത്തിലെ അടിവാരം കേന്ദ്രീകരിച്ച് ഔട്ട് പോസ്റ്റ് നിലവിലുള്ളതും പ്രസ്തുത ഔട്ട് പോസ്റ്റിലെ പോലീസ് ഉദ്യോഗസ്ഥർ ചുരം മേഖലയിൽ ഡ്യൂട്ടി ചെയ്തു വരുന്നതും, വാഹന പരിശോധന നടത്തി വരുന്നതുമാണ്. കൂടാതെ താമരശ്ശേരി ട്രാഫിക് യൂണിറ്റ്, താമരശ്ശേരി പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലെ പോലീസുദ്യോഗസ്ഥരും ഇടയ്ക്കിടെ ചുരം മേഖലയിൽ

വാഹന പരിശോധന നടത്തുകയും, ചുരത്തിൽ മാലിന്യ നിക്ഷേപം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നുണ്ടെന്നും തുടർന്ന് ഇക്കാര്യത്തിൽ ജാഗ്രതയോടെ നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള വിവരം അറിയിക്കുന്നു.

(01.10.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 13

ചുരത്തിലുടനീളം ആവശ്യമായ വൈദ്യുത വിളക്കുകൾ ഏർപ്പെടുത്തണമെന്നും ലക്കിടിയിൽ നിന്നും വൈദ്യുതി ലൈൻ വലിക്കുന്ന കാര്യം പരിശോധിക്കണമെന്നും വൈദ്യുതി ലഭ്യമല്ലാത്തയിടങ്ങളിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വിളക്കുകൾ അടിയന്തരമായി സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### ഊർജ്ജ വകുപ്പ്

(സർക്കാർ കത്ത് നമ്പർ 180/ബി3/2018/ഉ.വ., തീയതി 06.07.2019 )

നിലവിലെ ചുരത്തിലൂടെ കടന്നു പോകുന്ന റോഡിന്റെ വീതി കുറവ് കണക്കിലെടുത്തും, വനഭൂമിയിലെ വൃക്ഷങ്ങൾ മുറിച്ച് മാറ്റുവാനുള്ള തടസ്സങ്ങൾ കാരണവും, ടി പ്രദേശത്ത് പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതലൈൻ വലിക്കുവാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണവും അടിവാരം മുതൽ ലക്കിടി വരെ ഭൂഗർഭ കേബിളുകൾ HDD (Horizontal Directional Drilling) രീതി ഉപയോഗിച്ച് മാത്രമേ വൈദ്യുതി എത്തിക്കുവാൻ സാധിക്കുകയുള്ളൂ. ആകയാൽ പുതുപ്പാടി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന അടിവാരം മുതൽ ലക്കിടി വരെ ചുരത്തിലുടനീളം HDD രീതി ഉപയോഗിച്ച് ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചും 350 തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുമായി 13 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ആയത് കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ 10.12.2018-ൽ തുടർനടപടികൾ സ്വീകരിക്കുവാനായി കോഴിക്കോട് ജില്ലാ കളക്ടർ വിളിച്ച് ചേർത്ത യോഗത്തിൽ "റീബിൽഡ് കേരള പദ്ധതിയിൽ

താമരശ്ശേരി ചുരത്തിലൂടെ കടന്നുപോകുന്ന റോഡ് വികസന പ്രവൃത്തിയിൽ ഉൾപ്പെടുത്തുവാനായി ചുരത്തിലുടനീളമുള്ള 12 കിലോമീറ്റർ റോഡിൽ സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കുവാനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് ചുരത്തിലുടനീളമുള്ള 12 കിലോമീറ്റർ റോഡിൽ 320 സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കുവാനായി 2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, കോഴിക്കോട് ജില്ലാ കളക്ടറുടെ നിർദ്ദേശം അനുസരിച്ച് കോഴിക്കോട് PWD N H ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കുകയുമുണ്ടായി. തുക അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി പ്രസ്തുത ജോലികൾ ചെയ്യുന്നതാണ്.

(03.09.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ശിപാർശ നമ്പർ 14</u>**

ചുരത്തിലൂടെ കടന്നുപോകുന്ന റോഡ് വീതികൂട്ടുന്നതിനായി വനം വകുപ്പിൽനിന്നും അനുവദിച്ചിട്ടുള്ള സ്ഥലം എത്രയും വേഗം ലഭ്യമാക്കി ചുരത്തിലെ വളവുകൾക്ക് വീതി വർദ്ധിപ്പിക്കുവാനും റോഡ് തകർന്നുപോയിട്ടുള്ളയിടങ്ങളിൽ ഇന്റർലോക്കിംഗ് സംവിധാനമോ അനുയോജ്യമായ മറ്റ് സാങ്കേതികവിദ്യകളോ ഉപയോഗപ്പെടുത്തിക്കൊണ്ട് റോഡുകൾ പുനർനിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>പൊതുമരാമത്ത് വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ PWD-D3/113/2018-PWD, തീയതി 06.11.2019)

വയനാട് ചുരത്തിൽ 3,5 വളവുകൾ വീതികൂട്ടി വളവ് നിവർത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുവളവുകളെയും ചുരത്തിലെ വീതികുറഞ്ഞ സ്ഥലങ്ങളെയും ഉൾപ്പെടുത്തി പുതുപ്പാടി മുതൽ മുത്തങ്ങ വരെ പേവ്ഡ് ഷോൾഡറോട് കൂടിയ രണ്ടുവരിപ്പാത , നടപ്പാത, ഡ്രെയിനേജ്, കൾവർട്ട് തുടങ്ങിയ അനുബന്ധപ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള DPR തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി വർക്ക് കേന്ദ്രഗവൺമെന്റ് സ്കീമിൽ പുരോഗമിച്ചു വരികയാണ്. ഇതിന്റെ അലൈൻമെന്റ്

തയ്യാറാക്കി അനുമതിക്ക് വേണ്ടി MoRTH ൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് DPR തയ്യാറാക്കി MoRTH ൽ ഭരണാനുമതി സമർപ്പിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിക്ക് MoRTH ന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ചുരത്തിൽ നവീകരണ പ്രവൃത്തി നടത്താൻ സാധിക്കുകയുള്ളൂ.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 15**

ചുരത്തിലൂടെ കടന്നുപോകുന്ന റോഡിന്റെ തകർച്ചയ്ക്കുള്ള പ്രധാന കാരണം റോഡിലൂടെയുള്ള വെള്ളത്തിന്റെ കുത്തൊഴുക്കാണെന്ന് കാണുന്നു. ആയതിന് പരിഹാരമെന്ന നിലയിൽ റോഡിന്റെ ഒരു ഭാഗത്ത് കൂടി കടന്നുപോകുന്ന ഓട പുനർനിർമ്മിക്കുകയും ഓടയിൽ നിശ്ചിത അകലത്തിൽ പിറ്റുകൾ നിർമ്മിക്കുകയും ടി പിറ്റുകളിൽനിന്നും പൈപ്പുകൾ വഴി റോഡിനടിയിലൂടെ താഴ്ന്ന പ്രദേശത്തേക്ക് വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സൗകര്യം ഒരുക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പൊതുമരാമത്ത് വകുപ്പ്

(സർക്കാർ കത്ത് നമ്പർ PWD-D3/113/2018-PWD, തീയതി 06.11.2019)

വയനാട് ചുരത്തിൽ 3,5 വളവുകൾ വീതികൂട്ടി വളവ് നിവർത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുവളവുകളെയും ചുരത്തിലെ വീതികുറഞ്ഞ സ്ഥലങ്ങളെയും ഉൾപ്പെടുത്തി പുതുപ്പാടി മുതൽ മുത്തങ്ങ വരെ പേവ്ഡ് ഷോൾഡറോട് കൂടിയ രണ്ടുവരിപ്പാത , നടപ്പാത, ഡ്രെയിനേജ്, കൾവർട്ട് തുടങ്ങിയ അനുബന്ധപ്രവൃത്തികള്ഡ ഉൾപ്പെടുത്തിക്കൊണ്ടുള്ള DPR തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി വർക്ക് കേന്ദ്രഗവൺമെന്റ് സ്കീമിൽ പുരോഗമിച്ചു വരികയാണ്. ഇതിന്റെ അലൈൻമെന്റ് തയ്യാറാക്കി അനുമതിക്ക് വേണ്ടി MoRTH ൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് DPR തയ്യാറാക്കി MoRTH ൽ ഭരണാനുമതി സമർപ്പിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിക്ക് MoRTH ന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ചുരത്തിൽ നവീകരണ പ്രവൃത്തി നടത്താൻ സാധിക്കുകയുള്ളൂ.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 16

ചുരത്തിലൂടെ നിശ്ചിത അളവിൽ കൂടുതൽ വലിപ്പമുള്ള ടോറസ് പോലെയുള്ള വലിയ വാഹനങ്ങളുടെ സഞ്ചാരം നിരോധിക്കണമെന്നും, ടൂറിസം, ആഭ്യന്തരം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ രാത്രികാല പട്രോളിംഗ് ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### ആഭ്യന്തര വകുപ്പ്

(സർക്കാർ കത്ത് നമ്പർ ആഭ്യന്തര-ജെ1/363/2018-ആഭ്യന്തരം, തീയതി 18.10.2018 )

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ (2016-19)-ാമത് റിപ്പോർട്ടിൽ (താമരശ്ശേരി ചുരം നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ചുരത്തിലെ നിശ്ചിത അളവിൽ കൂടുതൽ വലിപ്പമുള്ള ടോറസ്സ് പോലെയുള്ള വലിയ വാഹനങ്ങളുടെ സഞ്ചാരം നിരോധിക്കണമെന്നും ടൂറിസം, ആഭ്യന്തരം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ രാത്രികാല പട്രോളിംങ് ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്തിരുന്നു.

കോഴിക്കോട് ജില്ലാ കളക്ടറുടെ 08.12.2017-ലെ DMF2/9488/2017 നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട്- വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന അന്തർ സംസ്ഥാന പാതയായ NH 766 ലെ അടിവാരം മുതൽ ലക്കിടി വരെയുള്ള ചുരത്തിൽ കൂടി രാവിലെ 8 മണി മുതൽ 10.30 വരെയും വൈകിട്ട് 4 മണി മുതൽ 6 വരെയുള്ള ഏറ്റവും തിരക്കേറിയ സമയങ്ങളിൽ ടിപ്പർ ലോറികൾ നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതായും കൂടാതെ 25 ടണ്ണോ അതിൽ കൂടുതലോ ഉള്ള ചരക്ക് വാഹനങ്ങൾ ബദൽ റോഡുകളായ പക്രം ദളം ചുരം, നാടുകാണി ചുരം എന്നിവ ഉപയോഗിക്കണമെന്ന നിബന്ധനയോടെ അടിവാരം മുതൽ ലക്കിടി വരെയുള്ള ചുരത്തിൽ ടി വാഹനങ്ങൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ (ദുരന്ത നിവാരണ നിയമം 2005 പ്രകാരം) നിരോധിച്ചുകൊണ്ടും ഉത്തരവായിട്ടുള്ളതായും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് കൂടാതെ രാത്രികാലങ്ങളിൽ ചുരത്തിൽ ശക്തമായ പോലീസ് പട്രോളിങ് നടത്തിവരുന്നതായും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള

വിവരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

(11.07.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 17**

ചുരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കണമെന്നും അതിന്റെ ഭാഗമായി ചുരം തുടങ്ങുകയും അവസാനിക്കുകയും ചെയ്യുന്ന സ്ഥലങ്ങളിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും പ്ലാസ്റ്റിക് കാരിബാഗുകൾ, കുപ്പികൾ എന്നിവ ചുരത്തിലേക്ക് കൊണ്ടുപോകുന്നത് തടയുകയും പകരം പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം കൊണ്ടുപോകുന്നതിനുള്ള അനുവാദം നൽകുകയും ചെയ്യുന്ന ഒരു പദ്ധതി ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വിനോദസഞ്ചാര വകുപ്പ്

(സർക്കാർ കത്ത് നമ്പർ ടൂർ-സി3/142/2018-ടൂർ, തീയതി 20.11.2019)

ചുരത്തിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശമുള്ള വനം വകുപ്പിന്റെ ചുമതലയിൽ ഗ്രീൻ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുന്ന മുറയ്ക്ക് ടൂറിസം വകുപ്പിന്റെ പങ്കാളിത്തം ഉറപ്പാക്കാവുന്നതാണ്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 18**

ചുരത്തിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ പുനരാരംഭിക്കണമെന്നും, റിഫ്രഷിംഗ് യൂണിറ്റിനായി മുൻപ് അനുവദിച്ച 42 ലക്ഷം രൂപ ഉപയോഗിച്ച് സഞ്ചാരികൾക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വിനോദസഞ്ചാര വകുപ്പ്

(സർക്കാർ കത്ത് നമ്പർ ടൂർ-സി3/142/2018-ടൂർ, തീയതി 20.11.2019)

ടൂറിസം വകുപ്പിന് പദ്ധതിക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് സമിതി ശിപാർശ പ്രകാരമുള്ള ടൂറിസം ഇൻഫർമേഷൻ സെന്റർ

സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ നമ്പർ 20**

ചുരം നമ്മുടെ പൈതൃക സ്വത്താണെന്നും അതിനെ സംരക്ഷിക്കുകയും മാലിന്യമുക്തമായി പരിപാലിക്കുകയും ചെയ്യേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്തമാണെന്നുമുള്ള വസ്തുത എല്ലാവരിലും എത്തിക്കുന്ന തരത്തിലുള്ള ബോധവത്ക്കരണ പരിപാടികൾ തദ്ദേശസ്വയംഭരണം, ടൂറിസം എന്നീ വകുപ്പുകൾ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വിനോദസഞ്ചാര വകുപ്പ്

(സർക്കാർ കത്ത് നമ്പർ ടൂർ-സി3/142/2018-ടൂർ, തീയതി 20.11.2019)

ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മേഖലകളിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്. അതിനാൽ ഇത്തരം പ്രവർത്തനങ്ങളിൽ ടൂറിസം വകുപ്പിന്റെ പങ്കാളിത്തം ഉറപ്പാക്കാവുന്നതാണ്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

# അദ്ധ്യായം III

## നടപടി വിവരം ലഭ്യമാക്കാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം.

തദ്ദേശസ്വയംഭരണ (ഡി. സി.), (എം.എഫ്.) വകുപ്പുകൾ

(1-ാം നമ്പർ ശിപാർശ)

പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ ചുരം സ്ഥിതിചെയ്യുന്ന ജനവാസമുള്ള മേഖലയിൽ മൊത്തം ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കണമെന്നും സീറോവേസ്റ്റ് മാനേജ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രദേശം പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പരിസ്ഥിതി, തദ്ദേശസ്വയംഭരണ (ആർ.സി.), റവന്യൂ (എ), ഊർജ്ജം എന്നീ വകുപ്പുകൾ

(5-ാം നമ്പർ ശിപാർശ)

ചുരത്തിലുടനീളം തെരുവ് വിളക്കുകളും സി.സി.ടി.വി. ക്യാമറകളും, വൈദ്യുതി/സോളാർ വിളക്കുകളും അടിയന്തരമായി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വയനാട്, കോഴിക്കോട് ജില്ലാ ഭരണകൂടങ്ങളും വിനോദസഞ്ചാരം, തദ്ദേശസ്വയംഭരണം, ഊർജ്ജം, പരിസ്ഥിതി എന്നീ വകുപ്പുകളുമായി ചേർന്ന് സമഗ്രമായ ഒരു പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തദ്ദേശസ്വയംഭരണ (ആർ.സി), റവന്യൂ (എ) എന്നീ വകുപ്പുകൾ

(9-ാം നമ്പർ ശിപാർശ)

ചുരത്തിലുടനീളം മൊബൈൽഫോൺ കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലൂടെ മാലിന്യനിക്ഷേപകർക്കെതിരെയുള്ള നീക്കങ്ങൾ ഏകോപിപ്പിക്കുവാനും കാര്യക്ഷമമാക്കുവാനും കഴിയുമെന്നുള്ളതിനാൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

(19-ാം നമ്പർ ശിപാർശ)

ചുരത്തിൽ സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ അടിയന്തരമായി നീക്കം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## അദ്ധ്യായം IV

## സമിതിയുടെ തുടർ ശിപാർശകൾ

1. പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ ചുരം സ്ഥിതിചെയ്യുന്ന ജനവാസമുള്ള മേഖലയിൽ മൊത്തം ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കണമെന്നും സീറോവേസ്റ്റ് മാനേജ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രദേശം പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. ചുരത്തിലുടനീളം തെരുവ് വിളക്കുകളും സി.സി.ടി.വി. ക്യാമറകളും, വൈദ്യുതി/സോളാർ വിളക്കുകളും അടിയന്തരമായി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വയനാട്, കോഴിക്കോട് ജില്ലാ ഭരണകൂടങ്ങളും വിനോദസഞ്ചാരം, തദ്ദേശസ്വയംഭരണം, ഊർജ്ജം, പരിസ്ഥിതി എന്നീ വകുപ്പുകളുമായി ചേർന്ന് സമഗ്രമായ ഒരു പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. ചുരത്തിലുടനീളം മൊബൈൽഫോൺ കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലൂടെ മാലിന്യനിക്ഷേപകർക്കെതിരെയുള്ള നീക്കങ്ങൾ ഏകോപിപ്പിക്കുവാനും കാര്യക്ഷമമാക്കുവാനും കഴിയുമെന്നുള്ളതിനാൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ചുരത്തിൽ സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ അടിയന്തരമായി നീക്കം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. വർഷംതോറും ശരാശരി അഞ്ചര ലക്ഷത്തോളം ടൂറിസ്റ്റുകൾ സന്ദർശിച്ചുവരുന്ന താമരശ്ശേരി ചുരത്തിൽ സന്ദർശകരുടെ ഭക്ഷണാവശിഷ്ടങ്ങളടക്കമുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്ഥിരമായി ക്ലീനിംഗ് ജോലിക്കാരെ നിയോഗിക്കണമെന്നും ക്ലീൻ ഡസ്റ്റിനേഷൻ ക്യാമ്പയിനിൽ ഉൾപ്പെടുത്തി ഒരു സമഗ്രപ്രോജക്ടിനു രൂപം നൽകണമെന്നും പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെയും

ടൂറിസം വകുപ്പിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന എന്ന ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നടപടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

6. താമരശ്ശേരി ചുരം നേരിടുന്ന മാലിന്യ-പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് അതത് സമയത്ത് ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നതിനായി കോഴിക്കോട്, വയനാട് ജില്ലാകളക്ടർമാരും, എം.പി-മാർ എം.എൽ.എ.മാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരും ഉൾപ്പെടുന്ന ഒരു സ്ഥിരം അതോറിറ്റിയ്ക്കോ, സമിതിയ്ക്കോ സർക്കാർ രൂപം നൽകണമെന്ന ശിപാർശയിന്മേൽ റവന്യൂ, തദ്ദേശസ്വയംഭരണം, പരിസ്ഥിതി എന്നീ വകുപ്പുകൾ നടപടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

തിരുവനന്തപുരം.
2021 ജനുവരി 20.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

## അനുബന്ധം

റവന്യൂ (ജി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിനോടൊപ്പം താമരശ്ശേരി ചുരത്തിന് കെട്ടിടനിർമ്മാണം നിയന്ത്രിക്കുന്നതിന് ഡിസാസ്റ്റർ മാനേജ് മെന്റ് ആക്ട് അനുസരിച്ച് കോഴിക്കോട് ജില്ലാകളക്ടർ പുറപ്പെടുവിച്ച ഉത്തരവ്